**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ(ഇൻചാർജ്ജ്) നടപടിക്രമം.**

**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് കാര്യാലയം തിരുവനന്തപുരം**

**(ഹാജർ- എസ്.സാബിർ ഹുസൈൻ)**

വിഷയം:- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - ജീവനക്കാര്യം - കൃഷി ഫീൽഡ് ആഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 128/2019/എഡി തീയതി 06-02-2019.

2. തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫിസറുടെ 04/10/2019 തീയതിയിലെ ഇ(1) 11877/2019 പ്രകാരമുള്ള കത്ത്.

**ഉത്തരവ് നം. എസ്. ഇ(2) 5700/2019 തീയതി 06 /11/2019**

ഉപരി പരാമർശം (1) പ്രകാരം 2019 വർഷത്തെ കൃഷി ഫീൽഡ് ആഫീസർ തസ്തികയിലേക്ക് യോഗ്യരായ അസിസ്റ്റന്റ് കൃഷി ആഫീസർമാരുടെ പട്ടിക അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പരാമർശം (2) പ്രകാരം തൃശ്ശൂർ കൊടുങ്ങല്ലൂർ കൃഷി ഭവനിൽ കൃഷി ഫീൽഡ് ആഫീസർ തസ്തികയിൽ നിലവിൽ ഒഴിവുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഒഴിവിലേക്ക് പരാമർശം (1) പ്രകാരമുള്ള യോഗ്യതാ പട്ടികയിലെ ക്രമ നമ്പർ 19 ആയ അസിസ്റ്റന്റ് കൃഷി ആഫീസർക്കു സ്ഥാനക്കയറ്റം നൽകി 35700-75600 ശമ്പളസ്കെയിൽ കൃഷി ഫീൽഡ് ആഫീസറായി ചുവടെ പറയുന്ന പട്ടിക പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും, നിലവിൽ ജോലിചെയ്യുന്ന തസ്തികയും, കാര്യാലയവും | സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെടുന്ന ഓഫീസ് |
|---|---|---|
| 1 | ശ്രീ.ബാബു.എം.പി, അസിസ്റ്റന്റ് കൃഷി ഓഫീസർ, കൃഷി ഭവൻ, തിരുമാറാടി, എറണാകുളം. | കൃഷി ഫീൽഡ് ആഫീസർ, കൃഷി ഭവൻ, കൊടുങ്ങല്ലൂർ, തൃശ്ശൂർ (നിലവിലുള്ള ഒഴിവിൽ) |

മേൽ പട്ടിക പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച കൃഷി ഫീൽഡ് ആഫീസർ പ്രൊമോഷൻ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ ഒരു വർഷ കാലയളവിനുള്ളിൽ ആറുമാസത്തെ പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതാണ്. ടി ജീവനക്കാരൻ വിടുതൽ ചെയ്തു/ ജോലിയിൽ പ്രവേശിച്ച വിവരം ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ആർ.റ്റി.സി പകർപ്പുസഹിതം ഈ കാര്യാലയത്തെയും, അക്കൗണ്ടന്റ് ജനറലിനെയും യഥാസമയം അറിയിക്കേണ്ടതാണ്.

ടി ജീവനക്കാരന്റെ സേവനപുസ്തകം, (ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തിയ ശേഷം) അന്തിമ വേതന പത്രം, ഗസറ്റഡ് എൻറൈറ്റിൽമെന്റ് രജിസ്റ്റർ ആർ.റ്റി.സി പകർപ്പ് എന്നിവ സഹിതം പുതിയ ശമ്പളനിർണ്ണയത്തിനായി ബന്ധപ്പെട്ട പ്രൻസിപ്പൽ കൃഷി ഓഫീസർ നേരിട്ട് അക്കൗണ്ടന്റ് ജനറലിനു കൈമാറേണ്ടതാണ്. നോൺ ഗസറ്റഡ് സേവന പുസ്തകം അക്കൗണ്ടന്റ് ജനറലിൽ നിന്നും തിരികെ ലഭ്യമായശേഷം സൂക്ഷിപ്പിനായി ഈ കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

(ഒപ്പ്)

**ഡയറക്ടർ (ഇൻചാർജ്ജ്)**
**കാർഷിക വികസന കർഷകക്ഷേമ വകുപ്പ്**

Junior Superintendent
SE Section
Directorate of Agriculture
Thiruvananthapuram-33

ബന്ധപ്പെട്ട ജീവനക്കാർക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ മുഖേന)

**പകർപ്പ്**

1. അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. പ്രിൻസിപ്പൽ കൃഷി ഓഫീസർ, തൃശ്ശൂർ/എറണാകുളം
3. ഐ.റ്റി.സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. എസ്.ഇ (3) സെക്ഷൻ
5. സ്റ്റോക്ക് ഫയൽ/അധികം

SR